"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 - മലപ്പുറം ജില്ലയിലെ വഴിക്കടവ് ഗ്രാമപഞ്ചായത്തിന്റെ 10.07.2025-ലെ 1/1 നമ്പർ തീരുമാനം സ്റ്റേ ചെയ്യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തുകൊണ്ടുമുള്ള ഉത്തരവ് റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.2336/2025/LSGD തീയതി, തിരുവനന്തപുരം, 25-09-2025

---

പരാമർശം:-

1. വഴിക്കടവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.07.2025-ലെ 1/1 നമ്പർ തീരുമാനം
2. വഴിക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15/07/2025-ലെ S1-3096937/2025 നമ്പർ കത്ത്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/08/2025-ലെ LSGD/PD/24272/2025-AR5 നമ്പർ കത്ത്
4. 19.09.2025-ലെ (സാധാ) നം.2248/2025/LSGD

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വഴിക്കടവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം(1) പ്രകാരമുള്ള തീരുമാനം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്യും സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്യും പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

(2) സർക്കാർ ഇക്കാര്യം ഒരിക്കൽ കൂടി പരിശോധിച്ചു. 2003-ലെ കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങളുടെ ചട്ടം 3(1) പ്രകാരം ഹൈക്കോടതിയിൽ പഞ്ചായത്തോ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് പ്രസിഡന്റോ സെക്രട്ടറിയോ കക്ഷിയായിട്ടുള്ള ഒരു കേസിൽ പഞ്ചായത്തിന് വേണ്ടി ഹാജരാകുവാനും കേസ് നടത്തുവാനും യോഗ്യനെന്ന് കരുതപ്പെടുന്ന ഒരു അഭിഭാഷകനെ പഞ്ചായത്തിന് ഏർപ്പാട് ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. വഴിക്കടവ് ഗ്രാമ പഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കൗൺസലായി പ്രവർത്തിക്കുന്ന അഭിഭാഷകനെ മാറ്റുന്നതിനും പുതിയ അഭിഭാഷകനെ ഏർപ്പെടുത്തുന്നതിനും പഞ്ചായത്തിന് തീരുമാനമെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ വാദഗതികൾ സമർത്ഥമായും ശക്തിയുക്തമായും അവതരിപ്പിച്ച് മികവുറ്റ രീതിയിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തനായ അഭിഭാഷകനെ നിശ്ചയിക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്.

(3) മേൽ സാഹചര്യത്തിൽ പരാമർശം (4) പ്രകാരമുള്ള സർക്കാർ ഉത്തരവ് റദ്ദു ചെയ്തും വഴിക്കടവ് ഗ്രാമപഞ്ചായത്ത് ചട്ടപ്രകാരം എടുത്ത തീരുമാനം ശരിവച്ചു കൊണ്ട് കൂടുതൽ പ്രാപ്തനായ അഭിഭാഷകനെ അടിയന്തരമായി നിയോഗിച്ച് കേസ് കുറ്റമറ്റ രീതിയിൽ നടത്തുന്നുവെന്ന് ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം അറിവിലേക്കായി)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം

പ്രസിഡന്റ്, വഴിക്കടവ് ഗ്രാമപഞ്ചായത്ത്, മലപ്പുറം

സെക്രട്ടറി, വഴിക്കടവ് ഗ്രാമപഞ്ചായത്ത്, മലപ്പുറം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (RB3/294/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Rajesh N

സെക്ഷൻ ഓഫീസർ

Date: 25-09-2025 12:34:50